# ഗവ.എൽ.പി.സ്കൂൾ
# തുരുത്തിശ്ശേരി




## സ്കൂൾ തല
## സമഗ്ര ഗുണമേന്മ
## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ.എൽ.പി.സ്കൂൾ തുരുത്തിശ്ശേരി |
| സ്ഥാപിതം | : 1912 |
| പഞ്ചായത്ത് | : നെടുമ്പാശ്ശേരി |
| വില്ലേജ് | :നെടുമ്പാശ്ശേരി |
| ബ്ലോക്ക് | :പാറക്കടവ് |
| ജില്ല | :എറണാകുളം |
| ബി ആർ സി | :അങ്കമാലി |
| സി ആർ സി | :ഗവ.എൽ.പി.സ്കൂൾ തുരുത്തിശ്ശേരി |
| സബ് ജില്ല | :അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | :ആലുവ |
| പ്രധാനാധ്യാപികയുടെ പേര് | : ശ്രീമതി ഷൈജ വർഗീസ് |
| ഫോൺ | :9446375220 |
| ഇ മെയിൽ | : lpsthu@gmail.com |

# ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയത്തിന്റെ ലഘുചരിത്രം, ലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാവിശകലനം

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

6. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പഠനനേട്ടങ്ങൾ, പഠനനേട്ടങ്ങൾ, പ്രവർത്തനങ്ങൾ, കാലം ചുമതല, സാമ്പത്തിക വിശകലനം)

7. അക്കാദമിക് കലണ്ടർ

8. മോണിട്ടറിംഗ്

9. ഉപസംഹാരം

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയതോതിലുള്ള പിൻതുണ ലഭിച്ചുവരികയാണ്. സ്കൂൾ തലത്തിലുള്ള സമഗ്രാസൂത്രണ പരിപാടിയുടെ ഭാഗമായി നടക്കുന്ന വികസന സെമിനാറുകൾ ജനപങ്കാളിത്തത്താൽ ശ്രദ്ധേയമാണ്. സ്കൂളിന്റെ സമഗ്ര വികസനത്തിനാവശ്യമായ വിഭവങ്ങൾ നൽകാൻ പൊതുസമൂഹം പൂർണ്ണമനസ്സോടെ മുന്നോട്ടു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അദ്ധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാറിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം പുതിയ അർത്ഥതലങ്ങളിലേക്ക് വ്യാപിക്കുകയാണ്.

ഭൗതിക സൗകര്യത്തെക്കുറിച്ച് സമൂഹത്തിനുണ്ടായിവന്ന പുതിയ ധാരണകളും സങ്കൽപ്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെട്ടുവരുന്നുണ്ട്. കെട്ടിടങ്ങളെക്കുറിച്ചുള്ള പുത്തൻ സങ്കൽപ്പങ്ങളും ഇതിൽ പ്രതിഫലിക്കുന്നു. എന്നാൽ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ അനിവാര്യതയായ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള കൃത്യമായ പദ്ധതികൾ രൂപപ്പെട്ടുവരേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികളുണ്ടായാലേ തയാറാക്കിയ ഭൗതിക സൗകര്യവികസനാസൂത്രണം സ്ഥാപനത്തിന് അനുയോജ്യമാണോ എന്ന് വിലയിരുത്താൻ കഴിയൂ.

കെട്ടിടത്തിന്റെ കാലപ്പഴക്കം മാറ്റി നിർത്തിയാൽ വളരെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഇന്ന് ഈ വിദ്യാലയത്തിനുണ്ട്. സമീപത്തുള്ള ഒരു പ്രൈവറ്റ് കമ്പനിയുടെ സഹകരണത്തോടെ, രണ്ട് ക്ലാസ് മുറികളിൽ ഇന്ററാക്ടിവ് ബോർഡുകളും അങ്കമാലി സബ്ജില്ലയിലെ ആദ്യ AC ക്ലാസ്സ്റൂമും വിദ്യാലയത്തിൽ സജ്ജമാക്കാൻ സാധിച്ചു. ക്ലാസ് ഭിത്തികൾ ആകർ ഷകമാക്കൽ, ഇരിപ്പിടങ്ങൾ പെയിന്റ് ചെയ്യൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു.

പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായുള്ള, സ്റ്റാർസ് വർണ്ണക്കൂടാരം പദ്ധതി സ്കൂളിന്റെ മുഖഛായ തന്നെ മാറ്റി മറിച്ചു. ഇതിന്റെ ഭാഗമായി LKG ,UKG ക്ലാസ്സുകളിൽ 13 ഇടങ്ങൾ സജ്ജീകരിക്കുകയും പാഠ്യ പാഠ്യേതര സാമഗ്രികൾ ഒരുക്കുകയും ചെയ്തു. കെൽട്രോൺ നൽകിയ TV ,UKG ക്ലാസ്സിലും വർണ്ണക്കൂടാരത്തിന്റെ ഭാഗമായുള്ള TV , LKG ക്ലാസിലും സ്ഥാപിച്ചു.

സ്കൂൾ തുറന്നപ്പോൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, മഴക്കുഴി നിർമ്മാണം,മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവ പഞ്ചായത്തിന്റെ സഹകരണത്തോടെ ഭംഗിയായി നിർവഹിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനകളുടെയും PTA ഭാരവാഹികളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ നൽകി.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടുംകൂടി വിദ്യാലയത്തെ ഹൈടെക്ക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതികസാഹചര്യങ്ങളുടെ മികവും, വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളുമെല്ലാം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടിരിക്കുകയാണ്.

# ചരിത്രം

തുരുത്തിശ്ശേരി ഭാഗത്തു സ്ഥിതി ചെയ്തിരുന്ന ഈ വിദ്യാലയം അത്താണി ഭാഗത്തേക്കു മാറ്റി പണിയുകയാണുണ്ടായത്.സ്കൂളിന്റെ മുൻവശം ദേശീയപാതയും പിറകിലും വടക്കുഭാഗത്തും എം .എ .എച്.എസ് വക ഗ്രൗണ്ടും തെക്കുഭാഗത്തായി മേക്കാട് ഭാഗത്തേക്കു പോകുന്ന വഴിയുമാണ്.

പണ്ട് ഈ സ്കൂളിന്റെ മുറ്റത്തു കൂടി കാളവണ്ടികളും മറ്റു വാഹനങ്ങളും പോയിരുന്നതായി പഴമക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട് .നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ ഒരു സ്ഥാപനമെന്ന നിലയിൽ സ്കൂളിന്റെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത് അധികൃതർ പരിശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ സ്കൂളിന് ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്

കുറെ വർഷങ്ങൾക് മുൻപ് ഏകദേശം 20 ൽ പരം ഡിവിഷനുകളും 800 ൽ പരം കുട്ടികളും ഇവിടെ പഠിച്ചിരുന്നു എന്ന് അറിയാൻ കഴിഞ്ഞു .തൊട്ടടുത്തുള്ള ഹൈ സ്കൂൾ ആയ എം .എ .എച്. എസ് ൽ 5 -ആം ക്ളാസിൽ പ്രവേശനം ലഭിക്കുന്നതിനു വിദൂര സ്ഥലങ്ങളിൽ നിന്ന് പോലും ഇവിടത്തെ നാലാം ക്ളാസിൽ കുട്ടികളെ കൊണ്ടുവന്നു ചേർത്തിരുന്നു .

എന്നാൽ തൊട്ടടുത്ത് അത്താണി അസീസി എൽ പി സ്കൂൾ എന്ന അൺഎയ്ഡഡ് വിദ്യാലയവും പിന്നീട് തുരുത്തിശ്ശേരി സിംഹാസന പള്ളി വകയായി മാർ അത്തനേസിയസ് എൽ പി സ്കൂളും തുടങ്ങിയതോടെ ഇവിടെ ഒന്നാം ക്ളാസിൽ കുട്ടികളുടെ പ്രവേശനം കുറയാൻ തുടങ്ങി. കൂടാതെ രക്ഷിതാക്കളുടെ സർക്കാർ സ്കൂളുകളോടുള്ള മനോഭാവവും കുട്ടികൾ കുറയാൻ കാരണമായി. അത് കൂടാതെ തുരുത്തിശ്ശേരി ഭാഗത്തു നിന്നും കുട്ടികൾക്കു ദേശീയപാത മുറിച്ചു കടന്നു വരിക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ് .എപ്പോഴും വാഹനങ്ങൾ അതിവേഗത്തിൽ പാഞ്ഞുപോകുന്നതിനാൽ കുട്ടികളെ സ്കൂളിന്റെ എതിർഭാഗത്തുള്ള രക്ഷിതാക്കൾ ഇവിടെ ചേർക്കാൻ മടിക്കുന്നു .

എന്നിരുന്നാലും ഇ അധ്യയന വർഷത്തെ ഹാജർനില മുൻവർഷത്തേക്കാൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെയും സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പിന്റെയും പൂർവ്വവിദ്യാർഥികളുടെയും ശ്രമഫലമായി സാധിച്ചു

# ലക്ഷ്യങ്ങൾ

- പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കുക.
- അതിനനുകൂലമായ രീതിയിൽ അക്കാദമിക, ഭൗതിക മികവുകൾ സജ്ജമാക്കൽ.
- ഓരോ കുട്ടിക്കും സമഗ്രഗുണമേന്മ വിദ്യാഭ്യാസം ലഭിക്കുന്ന വിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- ഇംഗ്ലീഷ്, മാതൃഭാഷ എന്നിവയിൽ  കുട്ടികളെ വായന, ലേഖനം എന്നീ മേഖലകളിൽ സ്വയം പര്യാപ്തരാക്കുക .

# അവസ്ഥാ വിശകലനം

നിലവിൽ ഈ വിദ്യാലയത്തിൽ 118 കുട്ടികൾ പഠിക്കുന്നു. മുൻ വർഷങ്ങളെ പരിശോധിക്കുമ്പോൾ ഓരോ വർഷവും കുട്ടികളുടെ എണ്ണതിൽ വർദ്ധനവ് പ്രകടമാണ്. ഈ വർഷം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 4 വിദ്യാലയങ്ങളിലെ കണക്ക് എടുത്താൽ ഏറ്റവും കൂടുതൽ കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയത് ഇവിടെയാണ്.വിദ്യാലയ മികവുകൾ പൊതുസമൂഹം തിരിച്ചറിയുന്നതിന്റെ പ്രതിഫലനമാണ് പ്രവേശനത്തിൽ ഉണ്ടാകുന്ന ഈ മാറ്റം.

നിലവിൽ വിദ്യാലയത്തിൽ നാല് അധ്യാപകർ ആണ് ഉള്ളത്.ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ സഹാധ്യാപകർ അക്കാദമിക രംഗത്തും പഠ്യേതരപ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച കുട്ടികൾക്ക് പരിശീലനം നൽകുന്നു.ക്ലാസ് പി ടി എ കൾ സജീവമാണ്. രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുകയും കുട്ടികളിൽ നല്ല മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | പദകാർഡ് നൽകൽ<br>അക്ഷരകാർഡ് നൽകൽ<br>പദങ്ങൾക്കിടയിൽ വരയിടൽ<br>ആദ്യം ആര്?<br>കൂടുതൽ ആർക്ക്? | ആഗസ്ത്<br>സപ്തംബർ | ക്ലാസ് അധ്യാപിക | - |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | പദനിർമ്മാണം<br>വാക്യനിർമ്മാണം<br>വാക്കുകൾ കണ്ടെത്തൽ<br>എത്ര പദങ്ങൾ?<br>പൂരിപ്പിക്കൽ | ആഗസ്ത്<br>ഡിസംബർ | ക്ലാസ് അധ്യാപിക | |
| കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു | പാടാം എഴുതാം<br>വരികൾ കൂട്ടിച്ചേർക്കാം<br>പദങ്ങൾ മാറ്റി എഴുതാം<br>കൂട്ടിച്ചേർക്കാം | സപ്തംബർ<br>ജനുവരി | ക്ലാസ് അധ്യാപിക<br>ബാലസഭ<br>എസ്.ആർ.ജി | |
| നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു. | വായിക്കാം<br>കണ്ടെത്താം<br>ആദ്യം ആര്?<br>അടിയിൽ വരയ്ക്കാം<br>എടുത്തെഴുതാം | ആഗസ്ത്<br>ജനുവരി | ക്ലാസ് അധ്യാപിക | |

# ജൂൺ

① ചിത്രങ്ങൾ വരയ്ക്കാനും നിറങ്ങൾ നൽകാനും അവസരമൊരുക്കൽ

② സന്നദ്ധതാ പ്രവർത്തനങ്ങൾ — ①,② → ആദ്യ വാരം

③ ലഘുപരീക്ഷണങ്ങളിലേർപ്പെടൽ → രണ്ടാം വാരം

④ ക്ലാസ് പി.ടി.എ യിൽ സംയുക്തഡയറി പരിചയപ്പെടുത്തൽ - 2nd wk

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്രരചന നടത്തുന്നതിന്.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

SRGയിൽ മികച്ച ഡയറിയുടെ അവതരണം — ജൂൺ രണ്ടാം വാരം

CPTAയിൽ ഡയറി പരിചയപ്പെടുത്തൽ, രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ. — ജൂൺ മൂന്നാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ — ജൂലൈ രണ്ടാം വാരം

ടീച്ചറുടെ വിലയിരുത്തൽ — ദിവസവും (ജൂൺ - മാർച്ച്)

കുട്ടികളുടെ ഡയറി കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. — (ജൂൺ - മാർച്ച്)

സംയുക്തഡയറി പുസ്തകരൂപത്തിലാക്കുന്നു — ഫെബ്രുവരി പ്രകാശനം ചെയ്യുന്നു.

⑤ ലഘുവാക്യങ്ങളിൽ കുറിപ്പുകൾ, അനുഭവം എന്നിവയ്ക്ക് അവസരമൊരുക്കൽ പരീക്ഷണങ്ങളിലേർപ്പെടൽ (മഴ)

⑥ വായനാസാമഗ്രികൾ നിർമിക്കൽ.

⑦ മഴപ്പതിപ്പ് തയ്യാറാക്കൽ - മഴച്ചിത്രങ്ങൾ, മഴ അനുഭവങ്ങൾ, മഴച്ചൊല്ലുകൾ, മഴപ്പാട്ടുകൾ ഇവ ശേഖരിച്ചോ സ്വന്തമായി എഴുതി ക്ലാസ് പതിപ്പ് തയ്യാറാക്കൽ.

⑧ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

# ജൂലൈ

① പാട്ടരങ്ങിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും SRG യിൽ ചർച്ച - ജൂലൈ ആദ്യവാരം.

② പാട്ടരങ്ങ് ഏകദിന ശില്പശാല - വിദ്യാരംഗം കലാസാഹിത്യവേദിയിൽ.

- ജൂലൈ രണ്ടാം വാരം.
- താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും കൂട്ടായും ആവിഷ്കരിക്കുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- അനുയോജ്യമായ വായ്ത്താരികൾ ചേർത്ത് പാടുന്നു.
- സർഗാത്മകവും സജീവവുമായ ഇത്തരം ഭാഷാപ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്താൻ സാധിക്കുന്നു.

③ കുട്ടികളെ പങ്കാളികളാക്കി വിദ്യാരംഗം / അസംബ്ലി പ്രവർത്തനങ്ങളിൽ പാട്ടരങ്ങ് അവതരിപ്പിക്കൽ. - ജൂലൈ - സെപ്തംബർ.

④ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു. - ജൂലൈ - മാർച്ച്.

# ആഗസ്റ്റ്

① ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

② SRG യിൽ ആശയം പങ്കിടൽ - ജൂലൈ, ആഗസ്റ്റ്

③ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല - വിദ്യാരംഗം കലാസാഹിത്യവേദിയിൽ

④ എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. (വായനദിനം, ബഷീർദിനം etc)

⑤ മികച്ചത് അസംബ്ലി, വിദ്യാരംഗം, ഭാഷോത്സവം എന്നിവയിൽ അവതരണം.

## സെപ്തംബർ

① സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കൽ

② ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ – കുട്ടികൾ വീട്ടിൽ ... കഴിഞ്ഞ ലഘു ബാലസാഹിത്യകൃതികളും മറ്റും ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കൽ

③ 'വീട്ടിലൊരു വായനക്കൂട്' ഒരുക്കൽ.

④ വായനാനുഭവം പങ്കുവെക്കൽ.

## ഒക്ടോബർ

① CPTA – രക്ഷിതാവ് ഭാവാത്മകമായി ഓരോ ദിവസവും ഒരു കഥ വീതം കുട്ടിക്ക് പറഞ്ഞു കൊടുക്കുന്നതിനെ കുറിച്ച്, ...ന്റെ ലക്ഷ്യങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുന്നു.

② കഥ – വീട്ടിലെ ലഘു ബാലസാഹിത്യകൃതികൾ, അധ്യാപിക നൽകുന്ന വാട്സ്ആപ്പ് ഗുണപാഠ കഥകൾ....etc. ആ കഥയെ അടിസ്ഥാനമാക്കി പ്രതിദിന വായന കാർഡ് സ്വന്തമായി നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.

③ കഥയെ ചിത്രകഥയാക്കി ചുരുക്കി അവതരിപ്പിക്കൽ.

④ പതിപ്പ് നിർമ്മാണം.

## നവംബർ

① കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ

② സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കൽ.

③ വായിച്ച കഥയിൽ നിന്ന് സംഭാഷണം, മറ്റു വ്യവഹാരരൂപങ്ങൾ ഒരുക്കൽ.

④ വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ, ഉത്തരങ്ങൾ കണ്ടെത്തൽ

⑤ വായിച്ച / കേട്ട കഥകൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

⑥ കഥയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ.

## ഡിസംബർ

① ഭക്ഷ്യമേള - SRG

പോഷകാഹാരവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുമുള്ള ആഹാര പദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

- പലതരം പലഹാരങ്ങൾ, അവ ഉണ്ടാക്കുന്ന വിധം എന്നിവ മനസ്സിലാക്കുന്നു.
- ലഘു പാചകക്കുറിപ്പുകൾ എഴുതുന്നു.

② - പത്രം, മറ്റ് വായനാ സാമഗ്രികളിൽ നിന്ന് പാചക കുറിപ്പുകൾ ശേഖരിച്ച് പുസ്തകത്തിൽ ഒട്ടിച്ച് ക്ലാസ് ലൈബ്രറിയിൽ വയ്ക്കുന്നു.

## ജനുവരി

① രചനോത്സവം - എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കൾ ആക്കൽ.

- SRG യിൽ അവതരണം.
- CPTA യിൽ പിന്തുണ ഉറപ്പാക്കൽ.

② - ലഘു രചനകൾ ക്ലാസിൽ / നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ. പതിപ്പ് നിർമാണം.

## ഫെബ്രുവരി

① വായനോത്സവം - എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

- മാതൃക വായന - അധ്യാപിക.
- ലൈബ്രറി പ്രയോജനപ്പെടുത്തൽ.
- വായന കുറിപ്പ് എഴുതൽ.

## മാർച്ച്

① ഭാഷോത്സവം - കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

ജനപ്രതിനിധികൾ, പ്രാദേശിക കലാകാരന്മാർ, സമൂഹം എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

- ഓരോ കുട്ടിയും വ്യക്തിഗത രചനകൾ ചേർത്ത് മാഗസിൻ തയ്യാറാക്കുന്നു.

ഒരേ ഉത്തരം കിട്ടിയവരെ ഒരു ഗ്രൂപ്പ് ആക്കി കിട്ടിയ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് A4 പേപ്പറിൽ ഒരു ചിത്രം നിർമ്മിക്കാൻ പറയുന്നു. ക്ലാസിൽ പ്രദർശനം, വിവരണം. - ജൂൺ അവസാനം, ജൂലൈ

* പല രൂപങ്ങളിലുള്ള കളർ പേപ്പറുകൾ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നു. ചാർട്ടിൽ ഒട്ടിക്കൽ. - ജൂലൈ
* കളർ പേപ്പറുകൾ ഉപയോഗിച്ച് NB ൽ പാറ്റേൺ നിർമ്മിക്കൽ.
* ഗണിത കിറ്റ് തയ്യാറാക്കൽ - ക്ലാസിലും വീട്ടിലും - ആഗസ്റ്റ്
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങൾ, പ്രായോഗിക പ്രശ്ന പരിഹരണം. - സെപ്തംബർ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ - ഒക്ടോബർ
* പത്തിന്റെ കൂട്ടങ്ങളാക്കി പ്രശ്നപരിഹരണം - TB, കളികൾ - നവംബർ

• ഒരു സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ച കാർഡുകൾ കുട്ടികൾ കണ്ടെത്തുന്നത് ചാർട്ടിൽ ഒട്ടിക്കുന്നു, ചെറുതിൽ നിന്ന് വലുതിലേക്ക് സംഖ്യകളെ ക്രമപ്പെടുത്തുന്നു.

Eg:-

60
- Between 59 and 61
- 59+1
- Six tens
- Four tens Twenty ones
- 10 more than 50.
- 10 less than 70

* സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതി 'കൂട്ടുകാരെ കണ്ടെത്തൽ' - കളി
* സ്ഥാനവില തിരിച്ചറിയൽ - കളി - ഡിസംബർ
അരവിന്ദ് ഗുപ്ത സ്ട്രിപ്പുകൾ, സ്ഥാനവിലപേടകം എന്നിവ ഉപയോഗപ്പെടുത്തൽ.

- അരവിന്ദ് ഗുപ്ത സ്ട്രിപ്പുകൾ കളർപേപ്പർ ഉപയോഗിച്ച് ഓരോ കുട്ടിക്കും തയ്യാറാക്കുന്നു. A4 പേപ്പറിൽ ഓരോ പേജിലും സംഖ്യകൾ ചിത്രീകരിക്കുന്നു.
- വ്യക്തിഗത ഫയലിന്റെ നിർമ്മാണം - Portfolio
- മികച്ച ഗണിത പ്രവർത്തനങ്ങൾ, കുസൃതി കണക്കുകൾ, ഗണിത രൂപങ്ങളുടെ ചിത്രങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് ക്ലാസ് ഗണിത ആൽബം തയ്യാറാക്കുന്നു.

• PTA യിൽ പ്രദർശിപ്പിക്കുന്നു.
• സ്കൂൾ അസംബ്ലി, പ്രദർശനം എന്നിവയിൽ അവതരണം - ജനു